**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2993** **10-03-2025 - ൽ മറുപടിയ്ക്ക്**

**പരവൂർ നഗരസഭ, പൂതക്കുളം ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിലെ കുടിവെള്ളപദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി എസ് ജയലാൽ** | | **ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | ചാത്തന്നൂർ മണ്ഡലത്തിലുൾപ്പെട്ട പരവൂർ നഗരസഭ, പൂതക്കുളം ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിൽ പുതിയ കുടിവെള്ള പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ; | (എ) | KIIFB സാമ്പത്തിക സഹായത്തോടു കൂടി ചാത്തന്നൂർ നിയോജകമണ്ഡല പരിധിയിൽ വിവിധ പഞ്ചായത്തുകളിൽ കുടിവെള്ള വിതരണ ശൃംഖല ദീർഘിപ്പിക്കുന്നതിനു "KIIFB Chathannoor Drinking Water Project" എന്ന പദ്ധതിയിലൂടെ അനുവദിച്ച 60 കോടി രൂപയിൽ ശേഷിക്കുന്ന 28.4 കോടി രൂപ വിനിയോഗിച്ച് പരവൂർ നഗരസഭ, പൂതക്കുളം ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിലേക്ക് ആവശ്യമായ ജലം ശുദ്ധീകരിക്കുന്നതിന്, ഇത്തിക്കര ആറ് ജലസ്രോതസാക്കി വിഭാവനം ചെയ്യുന്ന കുടിവെള്ള പദ്ധതിയ്ക്ക് വേണ്ട ജലത്തിന്റെ പര്യാപ്തത ഉറപ്പാക്കുന്നതിനു വേണ്ടിയുള്ള സാധ്യത പഠനം ഇറിഗേഷൻ വകുപ്പ് നടത്തിവരുന്നു. |
| (ബി) | പ്രസ്തുത കുടിവെള്ള പദ്ധതിയ്ക്കാവശ്യമായ തടയണ നിർമ്മിക്കുന്നതിനുള്ള ജലസേചന വകുപ്പിന്റെ പഠന റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോയെന്നും ജലശുദ്ധീകരണശാല സ്ഥാപിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തിയിട്ടുണ്ടോയെന്നും അറിയിക്കുമോ; ആയതിന്റെ നടപടികളുടെ പുരോഗതി വിശദമാക്കാമോ? | (ബി) | പ്രസ്തുത പദ്ധതിക്ക് ആവശ്യമായ ആദ്യഘട്ട സാധ്യത പഠനം ദേശീയപാത 66 ൽ ഇത്തിക്കര ആറിന് താഴ്ഭാഗം ഇറിഗേഷൻ വകുപ്പ് നടത്തിയെങ്കിലും വേലിയേറ്റ സമയങ്ങളിൽ ഉപ്പുവെള്ളം കയറുമെന്നതിനാൽ തുടർ പഠനത്തിനായി JJM പൂതക്കുളം സ്കീമിൽ ഉൾപ്പെടുത്തി 4 ലക്ഷം രൂപ അനുവദിച്ച് ഇത്തിക്കര പാലത്തിന് മുകൾവശം സാധ്യത പഠനം ഇറിഗേഷൻ വകുപ്പ് പൂർത്തീകരിച്ചു. ഇറിഗേഷൻ വകുപ്പിന്റെ Design Wing ആയ IDRB ൽ ഡിസൈനിംഗ് നടന്നുവരുന്നുണ്ട്. ജലശുദ്ധീകരണശാല സ്ഥാപിക്കുന്നതിനായി സ്ഥല ലഭ്യതയ്ക്കുള്ള താല്പര്യപത്രം കേരള വാട്ടർ അതോറിറ്റി ക്ഷണിച്ചിരുന്നുവെങ്കിലും ആരും തന്നെ പ്രതികരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ